**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2023** **09-02-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ നടക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് നീലേശ്വരം വരെ വെസ്റ്റ് കോസ്റ്റ് കനാൽ (പശ്ചിമതീര കനാൽ) എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിൽ തിരുവനന്തപുരം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയാണ്. പശ്ചിമതീര കനാലിന്റെ ചെ. 0.00 മുതൽ ചെ. 55.17 കി.മീ. വരെയുള്ള ഭാഗമാണ് തിരുവനന്തപുരം ജില്ലയിൽ വരുന്നത്. ജലപാതാ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടന്നു വരുന്നത്.<br><br>1. കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീറ്റർ ആക്കുന്നതിനുള്ള അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു.<br>2. പള്ളിത്തുറ മുതൽ കഠിനംകുളം കായൽ വരെയുള്ള ഭാഗത്ത് കല്ലിടൽ പ്രവൃത്തി നടന്നു വരുന്നു.<br>3. ടി. എസ്. കനാലിനു കുറുകെ, കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്.<br>4. വേളി പൗണ്ട് കടവ് ഭാഗത്ത് ചെ. 16.09 കി. മീ. മുതൽ 22.25 കി.മീ. വരെ കനാലിന്റെ വീതിയും ആഴം കൂട്ടൽ പ്രവൃത്തിയും പുരോഗമിച്ചു വരുന്നു.<br>5. സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>6. അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി 80% പൂർത്തീകരിച്ചു.<br>7. ചാന്നാങ്കര പാലത്തിന് സമീപമുള്ള തീരസംരക്ഷണ പ്രവൃത്തിക്കായി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 8. ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ചെ. 46.00 കി.മീ. മുതൽ 49.00 കി.മീ. വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിയിൽ ടണൽ ക്ലീനിംഗ് പൂർത്തീകരിച്ചു. അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br>കഠിനംകുളം, അരിവാളം, വള്ളക്കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പുരോഗതിയിലാണ്. കൂടാതെ വർക്കല റാത്തിക്കൽ ജുമാമസ്ജിദിന് സമീപം പാർശ്വഭിത്തി നിർമ്മാണത്തിന്റെ ദർഘാസ് നടപടികൾ പൂർത്തീകരിക്കുകയും ടി. ഭാഗത്തെ ഡ്രെയിൻ നിർമ്മാണത്തിന്റെ കരാർ ഒപ്പ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>9. മേൽപ്പറഞ്ഞവ കൂടാതെ ടൂറിസവുമായി ബന്ധപ്പെട്ട് മുരുക്കുംപുഴ ബോട്ടു ജെട്ടിയുടെ നിർമ്മാണ പ്രവൃത്തിയുടെ കരാർ ഒപ്പുവെച്ചിട്ടുള്ളതും പുത്തൻകടവ് ബോട്ടു ജെട്ടി നിർമ്മാണം, പണയിൽ കടവ് ബോട്ടു ജെട്ടി നിർമ്മാണം, കായിക്കരകടവ് ബോട്ടു ജെട്ടി നിർമ്മാണം എന്നിവ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ